# പതിനാലാം കേരള നിയമസഭ
# (പതിനെട്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1406** **06.02.2020-ൽ മറുപടിയ്ക്ക്**

## പുനർ ഗേഹം പദ്ധതി

| ചോദ്യം<br>ശ്രീ.കെ. ദാസൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ പുനർ ഗേഹം പദ്ധതി പ്രകാരം 50 മീറ്ററിനുള്ളിൽ താമസിക്കുന്നവർ ആനുകൂല്യം കൈപ്പറ്റി പുതിയ വീട് വെച്ച് മാറി താമസിക്കുമ്പോൾ 50 മീറ്ററിനുള്ളിലെ വീടൊഴിഞ്ഞഭാഗത്തെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉടമകളിൽ തന്നെ നിക്ഷിപ്തമാകുമോ; അതോ സർക്കാരിലേക്ക് മുതൽ കൂട്ടുമോ; പ്രസ്തുത സ്ഥലത്ത് നിന്നുള്ള കാർഷികാദായങ്ങൾ സ്ഥലമുടമയ്ക്ക് എടുക്കാൻ കഴിയുമോ; വിശദമാക്കാമോ; | എ) പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾ നിലവിലുള്ള കെട്ടിടം സ്വന്തം നിലയിൽ പൊളിച്ചു മാറ്റേണ്ടതും വസ്തു റിലിങ്ക്വിഷ് ചെയ്യേണ്ടതുമാണ്. എന്നാൽ 5 സെന്റിന് മുകളിൽ ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി ടി സ്ഥലം കൃഷിക്ക് ഉപയോഗിയ്ക്കാവുന്നതാണ്. ടി സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും നടത്തുവാൻ അനുവദിക്കുന്നതല്ല എന്ന് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| ബി) 50 മീറ്ററിനുള്ളിൽ വീടൊഴിഞ്ഞ് പോയ ഭാഗത്തെ സ്ഥലത്തുകൂടെ തീരദേശ ഹൈവെ/മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവ വരുമ്പോൾ അതത് അക്വസിഷൻ ഏജൻസികൾ ഏറ്റെടുക്കുന്ന സ്ഥലത്തിന് സ്ഥലമുടമക്ക് നഷ്ടപരിഹാരം ലഭിക്കുമോ; വിശദമാക്കാമോ? | ബി) നിലവിൽ ഗുണഭോക്താക്കൾ റിലിങ്ക്വിഷ് ചെയ്ത ഭൂമിയിൽ അനുയോജ്യമായ മരങ്ങൾ വച്ച് പിടിപ്പിച്ച് വകുപ്പിന്റെ നേതൃത്വത്തിൽ ഒരു ഹരിത കവചമാക്കി നിലനിർത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

**സെക്ഷൻ ആഫീസർ**